In the academic year 2017-18, Spicmacay could co-ordinate a traditional Manipuri dance performance done by Mr. Sinam Basu Singh, the Ustad Bismillah Khan Yuva awardee, at Christ College Auditorium on 9th October 2017. The programme embodied a lecture, demonstration and an interactive session with students of the college on the various aspects of Manipuri dance. Mr. Sinam Basu Singh was the spirited choreographer of the Progressive Arts Laboratory that performed various forms of Manipuri dance. Christ College (Autonomous), Irinjalakuda highly appretiate his wonderful performance and his acknowledgeable dedication towards the traditional dance form.



ക്രൈസ്റ്റ് കോളജിൽ നടന്ന ബസു സിനം സിംഗിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച മണിപ്പൂരി നൃത്തം.

# കോളജ് അങ്കണത്തെ ഗോകുലമാക്കി ബസു സിനം സിംഗിന്റെ മണിപ്പൂരി നൃത്തം

**ഇരിങ്ങാലക്കുട:** രാധാകൃഷ്ണ പ്രണയത്തിന്റെ മോഹനഭാവങ്ങളുമായി കോളജ് അങ്കണത്തെ ഗോകുലമാക്കി ബസു സിനം സിംഗിന്റെ മണിപ്പൂരി നൃത്തം. ഗീതാഗോവിന്ദത്തെ അടിസ്ഥാനമാക്കി ചിട്ടപ്പെടുത്തിയ നൃത്തം കുട്ടികൾക്കു നവ്യാനുഭവമായി. സ്പിക്മക്കെയുടെ ആഭിമുഖ്യത്തിൽ ഇന്നലെ ക്രൈസ്റ്റ് കോളജ് ഓഡിറ്റോറിയത്തിലാണു ദേശീയതലത്തിൽതന്നെ പ്രശസ്തനും ദൂർദർശൻ എ ഗ്രേഡ് കലാകാരനുമായ ബസു സിനം സിംഗിന്റെ മണിപ്പൂരി നൃത്തം അരങ്ങേറിയത്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മികച്ച യുവനർത്തകനുള്ള നൃത്യാഞ്ജലി പുരസ്കാരം, കേന്ദ്രസംഗീത നാടക അക്കാദമിയുടെ ഉസ്താദ് ബിസ്മില്ലാഖാൻ പുരസ്കാരം എന്നിവ നേടിയിട്ടുള്ള ഇദ്ദേഹം ബംഗ്ലാദേശ്, മലേഷ്യ, ഓസ്ട്രേലിയ, റഷ്യ, തായ്‌ലൻഡ്, വിയറ്റ്നാം, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ നൃത്തം അവതരിപ്പിച്ചിട്ടുണ്ട്. കോളജ് മാനേജർ ഫാ.ജേക്കബ് ഞെരിഞ്ഞാമ്പിള്ളി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. മാത്യു പോൾ ഊക്കൻ, പ്രഫ.ജോർജ് എസ്. പോൾ എന്നിവർ സംസാരിച്ചു.

ദീപിക Tue, 10 October 2017
deepika.epapr.in//c/22868892